ജനയുഗം JANAYUGOM 28 July 2022

# കടൽപായൽ ഉല്പാദനത്തിൽ മുന്നേറാൻ സിഎംഎഫ്ആർഐക്ക് പദ്ധതി

കൊച്ചി: കഴിഞ്ഞ വർഷം രാജ്യത്ത് ഉല്പാദിപ്പിച്ചത് ഏകദേശം 34,000 ടൺ കടൽപായലാണെന്ന് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) വ്യക്തമാക്കി.

രാജ്യത്ത് 342 നിർദ്ദിഷ്ട സ്ഥലങ്ങൾ കടൽപായൽ കൃഷിക്ക് അനുയോജ്യമാണെന്ന് സിഎംഎഫ്ആർഐ അടയാളപ്പെടുത്തിയിട്ടുണ്ടെന്നും ഡയറക്ടർ ഡോ. എ ഗോപാലകൃഷ്ണൻ പറഞ്ഞു. സിഎംഎഫ്ആർഐയുടെ പഠനപ്രകാരം, ഈ സ്ഥലങ്ങളിൽ 24,167 ഹെക്ടറിലായി പ്രതിവർഷം 97 ലക്ഷം ടൺ കടൽപായൽ ഉല്പാദനം സാധ്യമാണെന്നും അദ്ദേഹം പറഞ്ഞു. പരമ്പരാഗതമല്ലാത്ത ജലകൃഷി രീതികളെ കുറിച്ച് സിഎംഎഫ്ആർഐയിൽ നടന്ന ദേശീയ ശില്പശാലയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ആഗോളതലത്തിലെ കടൽപായൽ ഉല്പാദനവുമായി താരതമ്യപ്പെടുത്തുമ്പോൾ ഇന്ത്യ വളരെ പിന്നിലാണ്. 2022ൽ ഇതുവരെ 350 ലക്ഷം ടണ്ണാണ് ആഗോള ഉല്പാദനം. എന്നാൽ, ഉല്പാദനം കൂട്ടാൻ രാജ്യം എല്ലാവിധ ശ്രമങ്ങളും നടത്തുന്നുണ്ട്. 2025-ഓടു കൂടി പ്രതിവർഷം 11.42 ലക്ഷം ടൺ കടൽപായൽ ഉല്പാദനമാണ് ലക്ഷ്യമിടുന്നതെന്നും ഡോ. ഗോപാലകൃഷ്ണൻ പറഞ്ഞു.